**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5373** **15.11.2019-ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ സുരക്ഷ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിരത്തുകളിൽ വാഹന പരിശോധന നടത്തുന്ന മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കെതിരെ സാമൂഹ്യവിരുദ്ധരുടെയും ക്രിമിനലുകളുടെയും ആക്രമണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ)) | നിരത്തുകളിൽ വാഹന പരിശോധന നടത്തുന്ന മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കെതിരെ സാമൂഹ്യവിരുദ്ധരുടെയും ക്രിമിനലുകളുടെയും ആക്രമണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. ശ്രീ. വിനോദ് എ. എസ്, എം.വി.ഐ-ക്കെതിരെ 08.11.2018-ൽ വെള്ളാരംകുന്ന് എന്ന സ്ഥലത്ത് വച്ച് ആക്രമണം ഉണ്ടായതിനെ തുടർന്ന് കൽപ്പറ്റ സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>2. 10.10.2019-ന് രാവിലെ 9.00 മണിയ്ക്ക് രണ്ടത്താണി പരിസരത്ത് സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് വാഹന പരിശോധന നടത്തി വരവേ KL 55 Z 2466 മോട്ടോർ സൈക്കിൾ ഓടിച്ച് വന്ന മുഹ്സിൻ, വള്ളിക്കാടൻ വീട്, ചെറുസൂല, മലപ്പുറം എന്ന വ്യക്തിയെ എ.എം.വി.ഐ ഫസലു റഹ്മാൻ കൈകാണിച്ചത് ഗൗനിക്കാതെ എം.വി.ഐ ശ്രീ. അസീമിന്റെ ദേഹത്ത് വാഹനം ശക്തിയായി കൊണ്ടിടിക്കുകയുണ്ടായി. ഇടിച്ച ശക്തിയിൽ ശ്രീ. അസീം റോഡിൽ തെറിച്ചു വീഴുകയും, അദ്ദേഹത്തിന്റെ മുഖത്ത് കവിളെല്ലും, കാൽമുട്ടിലെ എല്ല് തകരുകയും, മുഖത്തും ദേഹത്തും തലയോട്ടിയിലും മുറിവുകൾ ഉണ്ടാവുകയും ചെയ്തു. അദ്ദേഹത്തെ കോട്ടയ്ക്കലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് അടിയന്തര ശസ്ത്രക്രിയകൾക്ക് വിധേയമാക്കി. 7 ദിവസത്തെ ആശുപത്രിവാസത്തിന് ശേഷം 16.10.2019-ന് ഡിസ്ചാർജ്ജ് ചെയ്യുകയുണ്ടായി. പ്രതിക്കെതിരെ 130/2019 നമ്പറായി IPC 353, 332, 333, 324, 326 വകുപ്പുകൾ ചേർത്ത് കാടാമ്പുഴ പോലീസ് കേസ് എടുത്തിട്ടുണ്ട്. അറസ്റ്റ് ചെയ്യരുതെന്ന് ആവശ്യപ്പെട്ട് ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ സമർപ്പിച്ച ജാമ്യാപേക്ഷ ബഹു. പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി തള്ളിയെങ്കിലും പ്രതി ഒളിവിലായതിനാൽ കാടാമ്പുഴ പോലീസിന് ഇതുവരെ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | 01.06.2019 മുതൽ 31.10.2019 വരെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഡ്യൂട്ടി സമയത്ത് ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 01.06.2019 മുതൽ 31.10.2019 വരെ മലപ്പുറം ജില്ലയിൽ ഒരു കേസാണ് റിപ്പോർട്ട് ചെയ്തത്. മറ്റുള്ള ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | ഡ്യൂട്ടി സമയത്ത് ആക്രമണങ്ങളിൽ പരിക്കേൽക്കുന്ന ഉദ്യോഗസ്ഥർക്ക് മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ; | (സി) | ബന്ധപ്പെട്ട കേസ് നടത്തുന്നതിനുള്ള നിയമസഹായം നൽകുന്നുണ്ട്. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ സുരക്ഷയ്ക്കായി സർക്കാർ പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അവരുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ? | (ഡി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് 90 ദിവസത്തെ പോലീസ് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. വെപ്പൺ ട്രെയിനിംഗ് ഉൾപ്പടെയാണ് പരിശീലനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ